(ബി) പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ജീവനക്കാരോട് ബത്ത പിന്നീട് നൽകിക്കൊള്ളാം എന്നറിയിച്ച് നടത്തിപ്പുകാർ രജിസ്റ്ററിൽ തുക കൈപ്പറ്റിയതായി ഒപ്പു വയ്പ്പിച്ചതിന്മേൽ എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയതായി സംശയിക്കപ്പെടുന്ന ഈ വിഷയം ഇതിനകം മൂന്ന് തവണ ഉന്നയിച്ചിട്ടും നടപടി കൈക്കൊള്ളാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2009-ൽ നടന്ന ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്.) പ്രസ്തുത ട്രെയിനിംഗ് നടത്തിയത് HISP INDIA ആണ്. ആയതിനാൽ ട്രെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. ആയതിനാൽ എൻ.എച്ച്.എം. ഫണ്ടിൽനിന്ന് തുക ഇനി നൽകേണ്ടതില്ലെന്ന് 24-4-2013-ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗം തീരുമാനിച്ചു. ജില്ലകളിലെ എൻ.എച്ച്.എം. ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ നിർവ്വാഹക സമിതിക്കാണ്.

(സി) കോട്ടയം ജില്ലാ നിർവ്വാഹക സമിതി ഇതിനെക്കുറിച്ച് പരിശോധിച്ച് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ അനന്തര നടപടികൾ ആവശ്യമില്ല.

(ഡി) ബാധകമല്ല.

സുകൃതം പദ്ധതി

32 (2583) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുകൃതം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ബി.പി.എൽ., എ.പി.എൽ., വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും, സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർ കൊണ്ടുള്ള മരണനിരക്ക് വർദ്ധിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് കാൻസർ രോഗചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യഘട്ടത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. തിരുവനന്തപുരം ആർ.സി.സി., തലശ്ശേരി മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലായിരിക്കും സുകൃതം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുക. ഇതിനായി സ.ഉ. (ആർ ടി.) 3530/2014/ആ.കു.വ തീയതി 29-10-2014 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാൻസർ കെയർ സൊസൈറ്റി എന്ന സംഘടന രൂപീകരിക്കുകയും സുകൃതം പദ്ധതിക്കായുള്ള ധനവിനിയോഗങ്ങൾ ടി സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഇതിന്റെ പ്രയോജനം എത്തിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ. വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി വരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.